

# പുത്തൻവേലി ഇൻഫന്റ് ജീസ്സസ് ഇടവക

പുത്തൻവേലിക്കരയുടെ ഉൽപ്പത്തി പേരിൽ നിന്ന് വ്യക്തമാണ്. വേലിയേറ്റത്തിനുണ്ടായ പുതിയകര എന്നത്രേ അത്. 1820-ൽ പുത്തൻവേലിക്കര സെന്റ് ജോർജ്ജ് പള്ളിയുടെ മാതൃത്വത്തിന് ചിറ്റാരപ്പാടശേഖരത്തോട് പറ്റിച്ചേർന്ന് 1923-ലാണ് ഈ ഭാഗത്തുള്ള വിശ്വാസികളുടെ സൗകര്യാർത്ഥം ഉണ്ണിമിശിഹായുടെ നാമധേയത്തിൽ ഒരു കൊച്ചു ദേവാലയവും സിമിത്തേരിയും സ്ഥാപിതമാകുന്നത്. എറണാകുളം ജില്ലയുടെ പരിധിയിൽ പെടുന്ന ഈ പ്രദേശം ഇരിങ്ങാലക്കുട രൂപതയുടെ തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നു.

## ദേവാലയം, ഇടവക

ഇവിടുത്തെ പൂർവ്വികർ വടക്കുംമുറി സ്ക്കൂൾ സമുദായം എന്ന പേരോടുകൂടി ആരംഭിച്ച സമുദായത്തിന്റെ അപേക്ഷപ്രകാരം കൊല്ലവർഷം 1084 എടവമാസം 23-ാം തിയ്യതി (1909) സർക്കാരിൽനിന്ന് ലഭിച്ച അനുവാദപ്രകാരമാണ് ദേവലായവും സിമിത്തേരിയും സ്ഥാപിതമായത്. സമുദായത്തിന്റെ ഭൂമി 1119 ധനുമാസം 3-ാം തിയ്യതിയാണ് പള്ളിക്കുവേണ്ടി അന്നത്തെ കൈകാരന്മാരായ വാഴപ്പിള്ളി ഗർവ്വാസിസ്, കൈതാരൻ വർക്കി വറീത് എന്നിവരുടെ പേരിൽ 2125-ാം നമ്പർ ആധാരപ്രകാരം അവകാശികളിൽ നിന്ന് ലഭിച്ചത്..

തൃശ്ശൂർ വികാരിയാത്ത് രൂപതയായി മാറിയതിനുശേഷം ആദ്യത്തെ ഏതദ്ദേശീയ മെത്രാനായി ചുമതലയേറ്റെടുത്ത ഈ ഇടവകക്കാരൻ ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ ഫ്രാൻസിസ് വാഴപ്പിള്ളി തിരുമേനിയുടെ കാലത്താണ് അതിനോടകം കപ്പേളയായി തീർന്നിരുന്ന ഇത് ഒരു പള്ളിയായി പരിണമിച്ചത്. 1928 നവംബർ 28-ന് ഇടവകയായിത്തീർന്നു. ചെക്കോസ്ലോവാക്യയുടെ തലസ്ഥാനമായ പ്രേഗിൽ നിന്നും കൊണ്ടുവന്നതാണ് പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന ഏറെ പ്രത്യേകതയുള്ള ഉണ്ണീശോയുടെ (പ്രേഗുണ്ണി) തിരുസ്വരൂപം. ദേവാലയം സ്ഥാപിതമായെങ്കിലും സ്ഥിരമായി വികാരിയെ നിയമിച്ചിരുന്നില്ല. 1952-ൽ അന്നത്തെ വികാരി ഫാ. ജോസഫ് ചിറ്റിലപ്പിള്ളി (Sr.) യുടെ നേതൃത്വത്തിലാണ് ദേവാലയം പണിയിച്ചത്. 1952 മാർച്ച് 23-നാണ് മാർ ജോർജ്ജ് ആലപ്പാട്ട് പിതാവ് ആശീർവ്വാദകർമ്മം നിർവ്വഹിച്ചത്.

പിന്നീട് വൈദിക മന്ദിരവും മതബോധനഹാ



പുരാതന ദേവാലയം

ളും നിർമ്മിച്ചു. 1960-ലാണ് സ്ഥിരം വികാരിയെ കിട്ടിയത്. അതാത് കാലത്തെ വികാരിമാരുടെ നിസ്തുല സേവനത്തിന്റെയും ഇടവകയുടെ ജീവിത സാക്ഷ്യത്തിന്റെയും മുദ്രകളാണ് രണ്ടു കപ്പേളകളും, പാരിഷ് വെൽഫെയർ ട്രസ്റ്റും. അവിഭക്ത തൃശ്ശൂർ രൂപതയുടെ വികാരി ജനറാളായിരുന്ന മോൺ. സഖറിയാസ് വാഴപ്പിള്ളിയും ഇപ്പോഴത്തെ മൈസൂർ ബിഷപ്പ് അഭിവന്ദ്യ തോമസ് വാഴപ്പിള്ളി പിതാവും ഉൾപ്പെടെ അനേകം വൈദികരും, സന്യസ്തരും ഇവിടെ നിന്ന് ദൈവവിളി സ്വീകരിച്ചവരാണ്.



ഇൻഫന്റ് ജീസസ് എൽ.പി. സ്ക്കൂൾ

## ഐ.ജെ.എൽ.പി. സ്ക്കൂൾ

സമീപപ്രദേശങ്ങളിൽ സ്ക്കൂളുകൾ ഉണ്ടായിരുന്നതിനാൽ ആദ്യകാലങ്ങളിൽ പള്ളിസ്ക്കൂൾ ഉണ്ടായിരുന്നില്ല. ക്രമേണ പള്ളിയോട് ചേർന്ന് പള്ളിക്കൂടം എന്ന ചിന്തയോടുകൂടിയാണ് ഇവിടെ പ്രാഥമിക വിദ്യാലയം സ്ഥാപിച്ചത്. 1976-ൽ നിലവിലുണ്ടായിരുന്ന മതബോധനഹാളിലാണ് ഇൻഫന്റ് ജീസസ് എൽ.പി. സ്ക്കൂൾ ആരംഭിച്ചത്. പിന്നീട് ബഹു തോമസ്



വൈദിക മന്ദിരം

താടിക്കാരനച്ചന്റെ കാലത്താണ് (1978-81) സ്ക്കൂളിനു വേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചത്.

## നവീന ദേവാലയം, വൈദിക മന്ദിരം

പുതിയ പള്ളിയുടെ നിർമ്മാണത്തിന് കളമൊരുക്കിയത് ബഹു. വികാരി ഫാ. ജോസഫ് തെക്കേത്തലയാണ്. 1999 ആഗസ്റ്റ് മാസത്തിൽ അന്നത്തെ വികാരിയായ റവ. ഫാ. പോൾ ചെറുവത്തൂരിന്റെ നേതൃത്വത്തിൽ പുതിയ പള്ളിയുടെ ആരംഭം കുറിക്കുകയും, 2003 ജനുവരി 29-ാം തിയ്യതി പുതിയ



ചാരിറ്റി കോൺവെന്റ് & വൃദ്ധമന്ദിരം

പള്ളിവെഞ്ചരിക്കുകയും ചെയ്തു. അതോടൊപ്പം നവീന വൈദികമന്ദിരവും പണിതീർത്തു. പുതിയ പള്ളിക്ക് സമീപം റോഡരികിലുള്ള ഉണ്ണീശോയുടെ കപ്പേള ശ്രീ. ഫ്രാൻസീസ് ആന്റണി വാഴപ്പിള്ളിയുടെയും ബസാറിലുള്ള വി. യൗസേപ്പിതാവിന്റെ കപ്പേള ശ്രീ. വി.കെ. ജോസ് വാഴപ്പിള്ളിയുടെയും സംഭാവനയാണ്. ഇടവകയിൽ 9 കുടുംബയൂണിറ്റുകളിലായി 335 ഭവനങ്ങൾ ഇപ്പോൾ ഉണ്ട്.

## ചാരിറ്റി കോൺവെന്റ്

1994-ൽ ദാനമായി കിട്ടിയ സ്ഥലത്താണ് ചാരിറ്റി

സിസ്റ്റേഴ്സ് (C.S.C.) കോൺവെന്റും വൃദ്ധമന്ദിരവും നഴ്സറി സ്ക്കൂളും സ്ഥാപിച്ച് സാമാന്യം നല്ല രീതിയിൽ നടത്തുന്നത്.



ഉണ്ണിമിശിഹാ കപ്പേള



കുരിശടി



ചാരിറ്റി ട്രസ്റ്റ് ഓഫീസ്